പ്രഖ്യാപിച്ചിരിക്കുന്നത്. കേരളത്തിൽ ഏകദേശം 4500-നുതാഴെയാണ് അർഹരായ അപേക്ഷകരുള്ളത്. ഇവർക്ക് അടിയന്തരമായി പെൻഷൻ കൊടുക്കുവാനുള്ള നടപടി സ്വീകരിക്കണം. മറ്റു പെൻഷനുകളെല്ലാം 600 രൂപ വീതമാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ പെൻഷൻ 600 രൂപയാക്കി ഉയർത്തുവാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിൽക്കൂടി ഞാൻ ആവശ്യപ്പെടുന്നത്.

പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, ബഹുമാനപ്പെട്ട അംഗം വി. പി. സജീന്ദ്രൻ ഇവിടെ ഉന്നയിച്ചത് വിശ്വകർമ്മജ വിഭാഗത്തിൽപ്പെട്ട ആളുകൾക്കു നൽകേണ്ട ആനുകൂല്യങ്ങളെക്കുറിച്ചാണ്. ഇരുമ്പുപണി, സ്വർണ്ണപണി, കെട്ടിട നിർമ്മാണം, ലോഹനിർമ്മാണം തുടങ്ങിയ ജോലിയിലേർപ്പെട്ട വിശ്വകർമ്മജരെ പരമ്പരാഗത തൊഴിൽ വിഭാഗമായി അംഗീകരിച്ച് 27-11-2003-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 25-3-2014-ലെ ഉത്തരവുപ്രകാരം വിശ്വകർമ്മജർക്ക് സംസ്ഥാനത്തെ പ്രൊഫഷണൽ വിദ്യാഭ്യാസത്തിനും ഉന്നത വിദ്യാഭ്യാസത്തിനും രണ്ടു ശതമാനം സംവരണം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആദ്യമായിട്ടാണ് ഈ വിഭാഗങ്ങൾക്ക് മാത്രമായി രണ്ടു ശതമാനം സംവരണം നല്കുന്നത്. കൂടാതെ പരമ്പരാഗത തൊഴിലിലേർപ്പെട്ടിട്ടുള്ളതും 60 വയസ്സു കഴിഞ്ഞ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടതും മറ്റു പെൻഷനുകൾ ലഭിക്കാത്തതുമായ വിശ്വകർമ്മജ വിഭാഗത്തിൽപ്പെട്ടവർക്ക് 500 രൂപ പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പെൻഷൻ നൽകുന്നതിനായി പിന്നോക്കവിഭാഗ വികസന വകുപ്പ് അപേക്ഷ ക്ഷണിക്കുകയും നിലവിലെ മാനദണ്ഡങ്ങൾ പാലിക്കപ്പെട്ട അപേക്ഷകൾക്ക് പെൻഷൻ അനുവദിക്കുന്നതിനായി 316.8 ലക്ഷം രൂപ എസ്.ഡി.ജി. വഴി അനുവദിച്ച് നൽകിയിട്ടുമുണ്ട്. പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആദ്യമായിട്ടാണ് ഗവൺമെന്റ് വിശ്വകർമ്മജ വിഭാഗത്തിന് ഈ പെൻഷൻ അനുവദിക്കുന്നതെന്നുള്ള കാര്യം ഞാൻ സന്തോഷത്തോടെ അങ്ങയെ അറിയിക്കുകയാണ്.

(14) ക്ഷേമ പദ്ധതികൾ കാര്യക്ഷമമാക്കൽ

ശ്രീ. വി. റ്റി. ബൽറാം: സർ, നമ്മുടെ നാട്ടിൽ മത സ്പർദ്ധയും ജാതിവൈരവും വളർത്തുന്നതിനുവേണ്ടി ആസൂത്രിതമായ ചില പ്രചരണങ്ങൾ സമീപകാലത്തായി

LIBRARY ARCHIVES Kerala Legislative Assembly

ശക്തിപ്പെട്ടുവരികയാണ്. അതിലേറ്റവും പ്രധാനമായി ഇത്തരക്കാർ ഉന്നയിക്കുന്നത് നമ്മുടെ വ്യത്യസ്ത സമുദായങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ചുള്ള ചില കണക്കുകളാണ്. നമുക്കറിയാവുന്നതുപോലെ രാജ്യത്ത് സച്ചാർ കമ്മിറ്റി അടക്കമുള്ള കമ്മീഷനുകളുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ മുസ്ലീം ന്യൂനപക്ഷത്തിന്റെ പിന്നോക്കാവസ്ഥ പരിഗണിച്ചുകൊണ്ടുള്ള ചില പ്രത്യേകമായ പദ്ധതികൾ രാജ്യമെമ്പാടും സംസ്ഥാനത്തും ആവിഷ്കരിച്ചു നടപ്പാക്കിവരുന്നുണ്ട്. മൈനോറിറ്റി വെൽഫയർ ഡിപ്പാർട്ടുമെന്റ് എന്നുപറയുന്ന ഒരു വകുപ്പ് സംസ്ഥാനത്തും കേന്ദ്രത്തിലും പ്രവർത്തിക്കുന്നുമുണ്ട്. ഇത്തരത്തിലുള്ള വകുപ്പുകളുടെയും അവയുടെ കീഴിലുള്ള ബോർഡുകളുടെയും കോർപ്പറേഷനുകളുടെയും ചില പദ്ധതികളുടെ കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഈ ആനുകൂല്യങ്ങൾ മുഴുവൻ ന്യൂനപക്ഷങ്ങൾക്കാണെന്നും – ഹിന്ദുക്കളടക്കമുള്ള മറ്റു പിന്നോക്കസമുദായങ്ങൾക്ക് ഒരു ആനുകൂല്യവും ലഭിക്കുന്നില്ലെന്ന തരത്തിലുമുള്ള ആക്ഷേപങ്ങളും പ്രചരണങ്ങളുമാണ് വളരെവ്യാപകമായി ആസൂത്രിതമായി നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റ് കുറെക്കൂടി വ്യാപകമായ പ്രചരണങ്ങളും ബോധവത്ക്കരണങ്ങളും ഔദ്യോഗികമായിത്തന്നെ നടത്തേണ്ടതു ണ്ടെന്നാണ് എനിക്ക് തോന്നുന്നത്. നമ്മുടെ ഗവൺമെന്റിന്റെ കീഴിൽ പട്ടികജാതി ക്ഷേമവകുപ്പ്, പട്ടിവർഗ്ഗ ക്ഷേമ വകുപ്പ്, ഒ.ബി.സി. വകുപ്പ് തുടങ്ങിയവ യൊക്കെയുണ്ട്. ഇത്തരത്തിലുള്ള വകുപ്പുകളുടെ കീഴിലുള്ള നിരവധി ബോർഡുകളും കോർപ്പറേഷനുകളും വിദ്യാഭ്യാസ ആനുകൂല്യങ്ങളുൾപ്പെടെ നിരവധി ആനുകൂല്യങ്ങൾ പിന്നോക്ക ഹിന്ദുക്കളടക്കമുള്ള വിഭാഗങ്ങൾക്ക് നൽകിവരുന്നുണ്ട്. മറ്റു തരത്തിലുള്ള സ്വയം തൊഴിൽ സംരംഭങ്ങൾക്കുള്ള പ്രോത്സാഹനങ്ങളും നൽകിവരുന്നുണ്ട്. ഇത്തരത്തിൽ പിന്നോക്കാവസ്ഥ പരിഗണിച്ചുകൊണ്ടാണ് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതെന്നും ആ ആനുകൂല്യങ്ങൾ ഏറ്റവും അർഹതപ്പെട്ടവരിലേയ്ക്ക് ടാർഗറ്റായി നൽകുക എന്നുമുള്ള ഗവൺമെന്റിന്റെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിന്റെ ഭാഗമായി പട്ടിക ജാതി ക്ഷേമ വകുപ്പും പിന്നോക്ക ക്ഷേമ വകുപ്പും അതിന്റെ കീഴിലുള്ള ബോർഡുകളും കോർപ്പറേഷനുകളും വഴി നടപ്പാക്കിവരുന്ന വിവിധ ആനുകൂല്യങ്ങളെക്കുറിച്ച് വിശദമായ ഒരു ബോധവത്ക്കരണം നടത്താനും ഇത്തരം പദ്ധതികൾ അർഹതപ്പെട്ടവരിലേയ്ക്ക് എത്തുന്നുവെന്ന് ഉറപ്പു വരുത്താനുംവേണ്ടി വളരെ ആസൂത്രിതവും കാര്യക്ഷമവുമായ നടപടികൾ സ്വീകരിക്കാൻ വകുപ്പുകൾ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

[12.00 Noon]

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, അദ്ദേഹം ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾക്ക് വിശദമായ മറുപടി ആവശ്യമാണ്. എന്നാൽ അൽപ്പം കാര്യങ്ങൾമാത്രം സൂചിപ്പിക്കുകയാണ്. സംസ്ഥാന സർക്കാർ സമൂഹത്തിലെ പിന്നോക്ക ദുർബ്ബല വിഭാഗങ്ങളുൾപ്പെടെയുള്ള എല്ലാ വിഭാഗം ജനങ്ങളുടേയും താൽപ്പര്യം പരമാവധി സംരക്ഷിക്കുവാനും ഈ വിഭാഗങ്ങളുടെ ഏറെ നാളത്തെ ആവശ്യങ്ങൾ പരിഹരിക്കുവാനും ശ്രമിച്ചിട്ടുണ്ട്. ഭൂരിപക്ഷ ന്യൂനപക്ഷ വിഭാഗങ്ങളിലെ സാമ്പത്തിക പ്രയാസം അനുഭവിച്ചുവരുന്നവർക്ക് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുവാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പിന്നോക്കക്ഷേമ വകുപ്പ് രൂപീകരണം അതിൽ ഏറ്റവും ശ്രദ്ധേയമാണ്. യുദ്ധകാലാടിസ്ഥാനത്തിൽ പിന്നോക്കക്ഷേമ വകുപ്പിന് ഡയറക്ടേറ്റ് രൂപീകരിക്കുവാനും അതിനോടൊപ്പം എറണാകുളത്തും കോഴിക്കോട്ടും മേഖലാ ഓഫീസുകൾ ആരംഭിക്കുവാനും വകുപ്പിനുകീഴിൽ ഒട്ടനവധി ക്ഷേമ പ്രവർത്തനങ്ങൾ നടത്തുവാനും കഴിഞ്ഞിട്ടുണ്ട്. ഹിന്ദു സമുദായത്തിലെ മുപ്പതോളം പിന്നോക്ക വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഒ.ഇ.സി. വിഭാഗത്തിന് ലഭിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യം ഈ ഗവൺമെന്റ് പ്രഖ്യാപിച്ചു. മറ്റു പിന്നോക്ക ഹിന്ദു സമുദായങ്ങൾക്ക് നിലവിലുണ്ടായിരുന്ന വിദ്യാഭ്യാസ പ്രവേശനത്തിനുള്ള സംവരണം വിശ്വകർമ്മ വിഭാഗത്തിനും ധീവര സമുദായത്തിനും രണ്ട് ശതമാനം വീതവും മൺപാത്ര നിർമ്മാണ വിഭാഗത്തിന് ഒരുശതമാനവും പ്രത്യേകം നൽകിയിട്ടുണ്ട്. നിലവിലുള്ള 5 ശതമാനം സംവരണം 8 ശതമാനമാക്കി ഉയർത്തുവാനും ഈ ഗവൺമെന്റിന് കഴിഞ്ഞു. കാലാകാലങ്ങളിലായി അവഗണിക്കപ്പെട്ടിരുന്ന ഹിന്ദു വിഭാഗത്തിലെ മൺപാത്ര നിർമ്മാണത്തൊഴിലാളി സമുദായങ്ങൾക്ക് പ്രത്യേക കോർപ്പറേഷൻ രൂപീകരിക്കാനുള്ള നടപടി സ്വീകരിച്ചു. ഈ വിഭാഗങ്ങൾക്ക് തൊഴിൽ ആവശ്യത്തിന് 25,000 രൂപയുടെ പ്രത്യേക ഗ്രാന്റ് അനുവദിക്കുവാനും വിശ്വകർമ്മ വിഭാഗത്തിലെ 60 വയസ്സുകഴിഞ്ഞ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക ക്ഷേമപെൻഷൻ പദ്ധതി നടപ്പിലാക്കാനും കഴിഞ്ഞു. ഇതിനായി 316.8 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. പരമ്പരാഗതമായി ബാർബർ തൊഴിൽ ചെയ്യുന്ന ഹിന്ദു വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ നവീകരണവും വരുമാനവർദ്ധനവും ലക്ഷ്യമിട്ട് 25,000 രൂപവരെ ഗ്രാന്റ് അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കി. ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട 6 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

രൂപയിൽ അധികരിക്കാത്ത വാർഷികവരുമാനമുള്ള വിദ്യാർത്ഥികൾക്ക് 10 ലക്ഷം രൂപവരെ വിദേശ പഠനത്തിനായി ഓവർസീസ് സ്കോളർഷിപ്പ് ഇനത്തിൽ അനുവദിച്ചുവരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങൾ തുടങ്ങാൻ കഴിഞ്ഞതും കേരളത്തിലാദ്യമായി പട്ടികജാതി വിഭാഗങ്ങൾക്ക് 3 എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിച്ചതും ശ്രദ്ധേയമാണ്. അതോടൊപ്പംതന്നെ ഈ സമുദായങ്ങളുടെ പൊതുവായിട്ടുണ്ടായിരുന്ന ആവശ്യങ്ങൾ, ക്ഷേമ പ്രവർത്തനങ്ങളോടൊപ്പംതന്നെ അയ്യങ്കാളി ദിനം പൊതു അവധി ദിനമായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു, അത് പ്രഖ്യാപിക്കുവാൻ കഴിഞ്ഞു. അതോടൊപ്പം വിശ്വകർമ്മ വിഭാഗത്തിന് വിശ്വകർമ്മ ദിനം അവധിയായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. അത് നിയന്ത്രിത അവധിയായി പ്രഖ്യാപിച്ചു. സർക്കാർ പിന്നോക്കക്ഷേമ പട്ടികജാതി വകുപ്പുകളുടെ നേതൃത്വത്തിൽ നടത്തിയ ഇത്തരം പ്രവർത്തനങ്ങളോടൊപ്പം എടുത്തുപറയത്തക്കതാണ് മുന്നോക്കക്ഷേമ കോർപ്പറേഷൻ രൂപീകരണം. അതുപോലെതന്നെ മന്നം ജയന്തി പൊതുഅവധിയായി പ്രഖ്യാപിച്ചതും മുന്നോക്കക്ഷേമ കമ്മീഷനുൾപ്പെടെ നടപ്പാക്കിയതും എല്ലാ വിഭാഗങ്ങളേയും ഒരുപോലെ കണ്ട് കാര്യങ്ങൾ നടപ്പാക്കുന്നു എന്നതിന്റെ തെളിവാണ്. മറിച്ച് ഈ ഗവൺമെന്റ് ഏതെങ്കിലും ഒരു വിഭാഗത്തിനുവേണ്ടി, പ്രത്യേകിച്ച് ഇവിടെ സൂചിപ്പിച്ചതുപോലെ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അനർഹമായി ആനുകൂല്യങ്ങൾ നൽകുന്നുവെന്നുള്ള പ്രചരണം അടിസ്ഥാനരഹിതമാണ്. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് എന്തെങ്കിലും നൽകുന്നുണ്ടെങ്കിൽ അത് അവർക്ക് അർഹതപ്പെട്ടതാണ് എന്നുകൂടി സൂചിപ്പിക്കുകയാണ്. അങ്ങനെ എല്ലാ വിഭാഗം ജനങ്ങളുടേയും താൽപ്പര്യം പരമാവധി സംരക്ഷിക്കുവാൻ ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. മറ്റ് അനുബന്ധമായ കാര്യങ്ങൾ എന്ന നിലയിൽ വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന പദ്ധതികൾ പ്രത്യേകിച്ച് കൂടുതൽ പ്രചരണം നടത്തുവാനുള്ള ജനങ്ങളിലേയ്ക്ക് എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് സഭയെ അറിയിക്കുകയാണ്.

(15) വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

<u>ശ്രീ. ആർ. രാജേഷ്</u>: സർ, കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ കാലോചിതമായി പരിഷ്കരിച്ച് വർദ്ധിപ്പിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ